മാതൃഭൂമി
വാരാന്തപ്പതിപ്പ്
2006 ■ ആഗസ്റ്റ് 20 ■ ഞായറാഴ്ച

LOANS FOR SHOPPING COMPLEXES & AUDITORIUMS
For details contact any of our branches
KERALA FINANCIAL CORPORATION
Ph: 0471-2318319 (7 Lines) Visit us at www.kfc.org

ബ്ലോഗുലകം

വിദേശത്തു ജീവിക്കുന്ന മലയാളിയുടെ പുതിയ തലമുറ മാതൃഭാഷയ്ക്ക് പുനർജന്മം നൽകുകയാണ്. ഇല്ല, മലയാളം മരിക്കുന്നില്ല, മരിക്കുകയുമില്ല. അതിവേഗം പടർന്നുപിടിക്കുന്ന 'ബ്ലോഗുകൾ' എന്ന പുതിയ മാധ്യമത്തിൽ മലയാളം സ്ഥാനം നേടിക്കഴിഞ്ഞു. സൈബർ ലോകത്ത് സ്വന്തമായി വേദിയുണ്ടാക്കി ആത്മാവിഷ്ക്കാരം നൽകുന്ന പുതിയ കാലത്തിന്റെ 'ബുലോഗ' വാസികളെ പരിചയപ്പെടുക

സി.പി.ബിജു

കാക്കത്തൊള്ളായിരം ഡിജിറ്റൽ വർഷങ്ങൾക്കു മുൻപ് ഒരുഹാട് കമ്പ്യൂട്ടറുകളിൽ അങ്ങിങ്ങായി കിടന്നിരുന്ന ബിറ്റിസുകളെയും ബൈറ്റിസുകളെയും കണ്ടെത്തും വൈവത്തിന് ഒരു കതയുക്കം. എന്നാൽ, ഇവർക്കു കുട്ടുകൾക്കെ കൊടുത്തതല്ലേ, ദൈവം ചിന്തയിലേണ്ടു. 'ഇ മെയിലുകൾ ഉണ്ടാവട്ടെ' ദൈവത്തിൻറെ ഗർജ്ജനം കേട്ട് കമ്പ്യൂട്ടർ ഡിസ്കുകൾ കിട്ടുങ്ങി. അങ്ങനെ ആദ്യത്തെ ഇ മെയിൽ പോലെമെ മണ്ണേട്ട് 1965-ൽ ഒരു കമ്പ്യൂട്ടർനിന്നു മറ്റൊന്നിലേക്ക് പിറിപ്പാഞ്ഞു. ആൽമരത്തിൽനിന്നു വേരുകൾ ഇറങ്ങിവരുംപോലെ ഒരു കമ്പ്യൂട്ടറിൽ അനവധി കമ്പ്യൂട്ടറുകൾ പടർപ്പിച്ച അതിക്കായൻ കമ്പ്യൂട്ടറായിരുന്നു മെയിൽ ഹൈയിലുകൾ. ഈ മെയിൽ ഹൈയിലുകൾ 'ബുലഡീ' സ്വന്തമാക്കിവെച്ചിരുന്നു. അതിൽ പടർപ്പിച്ച ബുലഡിയിലൂടെ കമ്പ്യൂട്ടറുകൾ, കുറച്ചു വിവരം തരുമോ എന്നുചോദിച്ച് അയച്ച സന്ദേശങ്ങളാണെന്നു ആദ്യത്തെ ഇ മെയിൽ സന്ദേശങ്ങൾ...

ബ്ലോഗിങിൻറെ ഉത്പത്തിയും വികാസവും വിവരിക്കുന്ന ഒരു ബ്ലോഗ് പോസ്റ്റിൻറെ തുടക്കമാണിത്. ഞെരിപ്പെണ്ണ് എന്ന പേരിൽ മലയാളത്തിൽ ബ്ലോഗ് എഴുതുന്ന ഇവർ അമേരിക്കയിൽ കമ്പ്യൂട്ടർ എഞ്ചിനിയറായി ജോലിചെയ്യുന്നു.

ഇൻറർ നെറ്റ് ഉപയോഗിക്കുന്നവർക്കിടയിൽ അതിവേഗം പടർന്നു വ്യാപിക്കുന്ന മാധ്യമ തരംഗമാണ് ബ്ലോഗിങ്. മലയാളം ബ്ലോഗിങ്ങും ഏറെ ശക്തവും വ്യാപകവുമായിക്കഴിഞ്ഞു.

എന്താണ് ബ്ലോഗിങ് എന്നു മനസ്സിലാക്കണമെങ്കിൽ ഇൻറർ നെറ്റിനെയും ഇ മെയിലിനെയും കുറിച്ചുള്ള പ്രാഥമിക ജ്ഞാനമെങ്കിലും വേണം. ഇൻറർ നെറ്റിലൂടെ സാധിക്കുന്ന ഒരു ആശയവിനിമയ, പ്രസിദ്ധീകരണ രീതിയാണ് ബ്ലോഗിങ്. അത് ആത്മാവിഷ്കാരത്തിനുള്ള ഒരുപാധിയാണ്. അനന്തമായ സൈബർ പ്രപഞ്ചത്തിലേക്കു തുറന്നുവെച്ച ഒരു സ്വകാര്യ ഡയറിയാണ്. ചർച്ചകരംക്കും ആശയവിനിമയത്തിനുമുള്ള ഒരു മാധ്യമവും വേദിയുമാണ്. ഇൻറർ നെറ്റ് കണക്ഷനുള്ളിടത്തിൽ ഒരു പൈസപോലും ചെലവാക്കാതെ ഇതെങ്ങനെ സാധ്യമാവുന്നു.

ഇൻറർ നെറ്റിലൂടെ പ്രാപിക്കാനാവുന്ന അതിത ലോകത്ത് നമുക്കോരോരുത്തർക്കും സ്വന്തം ഇടമുണ്ടാക്കാനും അവിടെ ആത്മപ്രകാശനം നടത്താനുമുള്ള രീതിയാണ് ബ്ലോഗിങ്. അതിനു കാര്യമായ സാങ്കേതികജ്ഞാനമൊന്നും ആവശ്യമില്ല. ഇ മെയിൽ ഉപയോഗിക്കാൻ കഴിയുന്ന ആർക്കും ബ്ലോഗുചെയ്യാനുമാവും. ഇ മെയിൽ രജിസ്റ്റർ ചെയ്ത് സ്വന്തം വിലാസം സ്ഥാപിച്ചെടുക്കുന്നതുപോലെ ആർക്കും എളുപ്പത്തിൽ ബ്ലോഗ് തുടങ്ങാവുന്നതേയുള്ളൂ. ബ്ലോഗർ, യാഹു തുടങ്ങി ബ്ലോഗ് രജിസ്റ്റർ ചെയ്യാവുന്ന സൈറ്റുകൾ അനവധിയുണ്ട്. ഒന്നോ രണ്ടോ മിനിറ്റുകൊണ്ട് ആർക്കും സ്വന്തമായി ബ്ലോഗു തുടങ്ങാം. കാര്യംക്ക് നിരവധി ഇ മെയിൽ ഐഡികൾ ഉണ്ടാക്കാവുന്നതുപോലെ നിരവധി ബ്ലോഗുകളും തുടങ്ങാം. സ്വന്തം പേരുവിലാസങ്ങൾക്കു വെളിപ്പെടുത്താതെ മറച്ചുപിടിക്കാനോ സ്വാതന്ത്ര്യമുണ്ട്. മലയാളത്തിൽ ബ്ലോഗുചെയ്യുന്ന പ്രമുഖരായ വക്കാരിഷോ, ഞെരിപ്പെണ്ണ് തുടങ്ങി പലരും അജ്ഞാതനാമത്തിലാണ് കഴിയാൻ ഇഷ്ടപ്പെടുന്നവരാണ്. അതേസമയം ഉമേഷ്, സിബു, അരവിന്ദൻ, ജ്യോതിർമയി, അത്തുല്യ തുടങ്ങിയവരൊക്കെ സ്വന്തം പേരിൽത്തന്നെ ബ്ലോഗുചെയ്യുന്നു. വിശാലമനസ്സൻമാർ, പെരിങ്ങോടൻ, ശനിയൻ, കുറുമാൻ, കല്ലേച്ചി തുടങ്ങി ഒട്ടേറെപ്പേർ കളിപ്പേരുകളിലാണ് ബ്ലോഗുചെയ്യുന്നതെങ്കിലും തികഞ്ഞ അജ്ഞാതവാസക്കാരല്ല.

സ്വന്തമായി ബ്ലോഗു തുടങ്ങിക്കഴിഞ്ഞാൽ സൈബർ ലോകത്ത് നാമൊരു വേദി സ്വന്തമാക്കിക്കഴിഞ്ഞു. അവിടെ ആത്മപ്രകാശനത്തിനായി എന്തും ചെയ്യാം. കഥകൾ പറയാം, കവിത കളെഴുതാം, പാട്ടുകൾ പാടാം, ചിത്രങ്ങൾ വരയ്ക്കാം, ഫോട്ടോകൾ പ്രദർശിപ്പിക്കാം, വിഡിയോ ദൃശ്യങ്ങളവതരിപ്പിക്കാം, ചർച്ചകൾ നടത്താം അങ്ങനെയെങ്ങനെ. ബ്ലോഗിൽ നമ്മുടെ രചനകൾ നല്കുന്നതിന് 'പോസ്റ്റ്' എന്നു പറയുന്നു.

പുതിയ നൂറ്റാണ്ടിൻറെ തുടക്കത്തിലാണ് അമേരിക്കയിൽ ബ്ലോഗിങ് ശക്തമായിത്തുടങ്ങിയത്. അവിടെ സ്വാതന്ത്രമോർ കോളേജിലെ വിദ്യാർഥിയായിരുന്ന ജസ്റ്റിൻ ഹാഡം ആദ്യത്തെ ബ്ലോഗർമാരിലൊരാളാണ്. ബ്രാഡ്ഫിറ്റ്സ് പാർക്ക്, ജോൺ കാർമാക്ക് തുടങ്ങിയവരും ആദ്യകാല ബ്ലോഗർമാരിൽപ്പെടുന്നു. അമേരിക്കയിലെ കഴിഞ്ഞ തിരഞ്ഞെടുപ്പിൽ ബ്ലോഗർമാർ കാര്യമായ സ്വാധീനം ചെലുത്തിയതോടെയാണ് ബ്ലോഗിങ്ങിൻറെ സാധ്യതകളെയും പ്രാധാന്യത്തെയും കുറിച്ച് ലോകം കൂടുതലറിഞ്ഞത്.

മുംബൈ സ്റ്റോടനങ്ങൾക്കു പിന്നാലെ കേന്ദ്രസർക്കാർ രാജ്യത്ത് ബ്ലോഗുകൾക്കു നിരോധന മേർപ്പെടുത്തിയിരുന്നു. 153 ഇൻറർ നെറ്റ് സേവനദാതാക്കൾക്കാണ് 17 വെബ് സൈറ്റുകൾ തടഞ്ഞു. ഈ സംഭവം വൻ പ്രതിഷേധമുയർത്തി. ബ്ലോഗിങ്ങിന് രാജ്യത്തു കൂടുതൽ പ്രചാരം കിട്ടാനും ഈ നിരോധനം സഹായിച്ചു. എല്ലാ നിരോധനങ്ങളേംക്കും നിയന്ത്രണങ്ങൾക്കുമപ്പുറത്ത് സ്വാതന്ത്ര്യത്തിൻറെ ഒരു പുതുലോകമുയർത്തുകയാണ് ബ്ലോഗിങ്. മിക്കയിടത്തും ബ്ലോഗർമാർ സ്വതന്ത്രരുടെയും. ആത്മനിയന്ത്രണത്തിൻറെയും. തികഞ്ഞ മര്യാദകരം പാലിക്കുന്നുണ്ട്. സ്വയം നിയന്ത്രണത്തിൻറെയും. സൗഹൃദത്തിൻറെയും ഒരു സുരഭില ലോകമാണ് മലയാളികളുടെ ബ്ലോഗുലകം. ടെലിവിഷൻ ചാനലായാലും പത്ര പ്രസിദ്ധീകരണങ്ങളായാലും വെബ്പോർട്ടലുകളായാലും അതിനൊക്കെ എഡിറ്റർമാരും നിയന്ത്രണങ്ങളും ഉണ്ടായിരിക്കും. എന്നാൽ ബ്ലോഗിങ്ങിൽ ഇത്തരമൊരു കേന്ദ്രീകൃത നിയന്ത്രണമില്ല. നമ്മുടെ ബ്ലോഗിൽ നമുക്കിഷ്ടമുള്ള എന്തും പ്രസിദ്ധീകരിക്കാം. അത് വാർത്തയോ വിമർശനമോ ആകാം, കഥയോ കവിതയോ ആകാം, ജ്യോതിഷമോ ടെക്നോളജിയോ ആകാം. ഇൻറർനെറ്റ് ഉപയോഗിക്കുന്ന സമാനഹൃദയർ അവിടേക്ക് എത്തിച്ചേരും. ബ്ലോഗുവായിക്കുന്ന സന്മർശകർക്ക് കമൻറുകരം രേഖപ്പെടുത്താനും അവസരമുണ്ട്. നമ്മുടെ ബ്ലോഗിൽ മര്യാദയെഴുതിയ കമൻറ് നമുക്കിഷ്ടപ്പെട്ടിട്ടുള്ളിൽ അതു നീക്കം ചെയ്യാനും കമൻറുകരം നിയന്ത്രിക്കാനും കഴിയും. ലോകത്തിലെ ഏറ്റവും വലിയ ഇൻറർനെറ്റ് മാധ്യമ പ്രസാരണമായ ഗൂഗിം ആണ് ബ്ലോഗർമാർക്കു പ്രോത്സാഹനവും സൗകര്യവും നല്കുന്നത്. ഏറ്റവും വലിയ പ്രസ്ഥാനമായിരിക്കുമ്പോരോം കുത്തകയുടെ സ്വഭാവം ഒട്ടു പ്രകടിപ്പിക്കാതിരിക്കുകയും കുത്തകകളെ തകർക്കുകയും ചെയ്യുന്ന ഗൂഗിളിൻറെ ബ്ലോഗർ എന്ന സംവിധാനമാണ് ലോകത്തോറുമുധികം ബ്ലോഗർമാർ ഉപയോഗിക്കുന്നത്.

'ബ്ലോഗർ ഡോട്ട് കോം' (ിറ്ലള്ളസ്.ാോ)എന്ന സൈറ്റിൽ സൈൻ അപ്പ്ചെയ്താൽ മൂന്നു സ്റ്റെപ്പുകളിലൂടെ ആർക്കും ഒരു ബ്ലോഗ് ഉണ്ടാക്കാം. ഇൻറർനെറ്റിൽ വരമൊഴി ഡൗൺ ലോഡ് ചെയ്താൽ മലയാളത്തിൽ കമ്പോസ്യുചെയ്യാനും കഴിയും. മലയാളം ബ്ലോഗിങ് തുടങ്ങാൻ ഇത്രയേ വേണ്ടൂ. എന്തെങ്കിലും സംശയങ്ങളുണ്ടായാൽ അതു പരിഹരിക്കാൻ സഹായഹസ്തങ്ങളുമായി മുതിർന്ന ബ്ലോഗർമാർ ബുലോഗത്ത് എപ്പോഴുമുണ്ട്. നാളത്തെ പ്രസിദ്ധീകരണങ്ങളും മാധ്യമങ്ങളുമായി വികസിക്കാനിടയുള്ള ബ്ലോഗുകളുടെ ലോകം നവാഗതർക്കായി കാത്തിരിക്കുകയാണ്.

ഇറാക്ക് യുദ്ധകാലത്ത് ബാഗ്ദാദിൽനിന്ന് റിവർബൈൻഡ് എന്ന പേരിൽ 24 കാരിയായൊരു യുവതി ബാഗ്ദാദ് ബേബിങ് എന്നൊരു ബ്ലോഗ് തുടങ്ങിയിരുന്നു. മറ്റൊരു മാധ്യമത്തിലും വരാത്ത ഒട്ടനവധി വിവരങ്ങരം ആ ബ്ലോഗിലൂടെ പുറത്തുവന്നിരുന്നു. ഈ അജ്ഞാതയ യുവതിയുടെ ബ്ലോഗ് പോസ്റ്റുകരം വായിക്കാൻ ലോകമെമ്പാടുമുള്ളവർ ഇൻറർനെറ്റിലെത്തിയിരുന്നു.

സുനാമി ഉണ്ടായപ്പോരം മുംബൈയിലെ മൂന്നുപേർ ചേർന്ന് 'സുനാമി ഹെൽപ്പ്'എന്നൊരു ബ്ലോഗ് തുടങ്ങി. സുനാമി വാർത്തകരം നല്കുക, ആശ്വാസ പ്രവർത്തനങ്ങരം ഏകോപിപ്പിക്കുക, സഹായങ്ങരം എത്തിക്കുക തുടങ്ങിയവയായിരുന്നു ലക്ഷ്യം. മറ്റൊരു മാധ്യമത്തിനും സാധിക്കാത്ത വിധം അതിവിപുലമായ വിധത്തിൽ സുനാമി വാർത്തകരം നല്കാൻ ആ ബ്ലോഗിനു കഴിഞ്ഞു. വിവരങ്ങരംക്കുള്ളിൽ ഒരു ലക്ഷത്തിലധികം പേരാണ് ആ ബ്ലോഗിലെത്തിത്തീർന്നത്.

ഇപ്പോരം ഇസ്രായേൽ ലെബനനിൽ നടത്തുന്ന കടന്നാക്രമണങ്ങളെക്കുറിച്ച് കുന്നു മായ വിവരങ്ങരം നല്കുന്നുണ്ട് ബ്ലോഗുകരം. ലബനനിൽ കഴിയുന്ന നിരവധി സാധാരണക്കാർ സ്വന്തം ബ്ലോഗുകളിലൂടെ ദുരിതവിവരണങ്ങരം നല്കുന്നു. മാധ്യമ പ്രവർത്തകർക്ക് ഞാനു വിപുലമായി പ്രവർത്തിക്കാനാവില്ല. ലബനനിൽ യുദ്ധദുരിതമനുഭവിക്കുന്ന സനാ അൽഖലീൽ എന്ന ചിത്രകാരിയുടെ ബ്ലോഗിൽനിന്നുള്ള വിവരങ്ങരം മലയാളത്തിലെ പ്രസിദ്ധീകരണങ്ങളിൽപ്പോലും വന്നുകഴിഞ്ഞു.

ദുരന്ത കേന്ദ്രങ്ങളിൽനിന്നു വാർത്തയെത്തിക്കാനുള്ള സംവിധാനമല്ല ബ്ലോഗ്. മുഖ്യമായും അത് ഒരു ആത്മാവിഷ്കാര മാധ്യമമാണ്. സൈബർ സ്പേസിലെ ഇന്ത്യൻ സംഗീത കൂട്ടായ്മയായ 'ബ്ലോഗ്സ്വര' നല്കാരുദാഹരണം. ലോകത്തിൻറെ പല ഭാഗങ്ങളിലായി കഴിയുന്ന സംഗീത പ്രേമികളുടെ ഇൻറർനെറ്റ് കൂട്ടായ്മയാണ് ബ്ലോഗ്സ്വര. മലയാളിയായ പ്രദീപ് സോമസുന്ദരമാണ് ബ്ലോഗ്സ്വരയിലെ ഒരു പ്രമുഖൻ. അദ്ദേഹത്തിൻറെ ബ്ലോഗ് 'പ്രദീപ് കി ആവാസ് സുനേം'. തമിഴ്നാട്ടുകാരനായ സെന്തിലും പ്രദീപുമാണ് ബ്ലോഗ് സ്വരയുടെ തുടക്കക്കാർ. ലോകത്തിൻറെ ഒരു ഭാഗത്തിരുന്ന് ഒരാരം പാടുകയ്ത് ബ്ലോഗിൽ പോസ്റ്റുചെയ്യുന്നു. മറ്റേതോ ലോകത്തിരുന്ന് അതു വായിക്കുന്നയാരം സംഗീതം പകരുന്നു. ഇതുരണ്ടും കൂട്ടിച്ചേർത്ത് ചിട്ടപ്പെടുത്തുന്നത് മൂന്നാമതൊരാരം.

ഇന്നിതു. അത് സ്വന്തം വീട്ടിലിരുന്നു പാടി റെക്കോഡ് ചെയ്യ് ബ്ലോഗിലിടുന്നത് നാലാമതൊരാളാവും.

കമ്പ്യൂട്ടർ, ഇൻറർനെറ്റ് എന്നൊക്കെ കേംക്കുമ്പോരം ഇപ്പോഴും ഭയന്നുനില്ലുന്നവരുണ്ട്. സാങ്കേതിക വൈദഗ്ധ്യവും അനായാസം ഇംഗ്ലീഷ് കൈകാര്യം ചെയ്യാൻ കഴിവുമുണ്ടെങ്കിലേ ഇൻറർനെറ്റ് ഉപയോഗിക്കാനാവൂ എന്ന് അവർ ഭയക്കുന്നു. ടെലിവിഷനോ മൊബൈൽ ഫോണോ ഉപയോഗിക്കാൻ വേണ്ട സാങ്കേതിക ജ്ഞാനമേ ഇൻറർനെറ്റ് ഉപയോഗത്തിന് ആവശ്യമുള്ളൂ. ഇൻറർനെറ്റിൻറെ സ്വാഭാവിക ഭാഷ ഇംഗ്ലീഷ് തന്നെ. എങ്കിലും, ഇന്ന് മലയാളമുൾപ്പെടെ മിക്ക ലോകഭാഷകളും അതിനു വഴങ്ങും. ലോകമെങ്ങുമുള്ള കമ്പ്യൂട്ടർ വിദഗ്ധരും ഭാഷാവണ്ഡിതരും ചേർന്ന് ഉണ്ടാക്കിയ യൂണികോഡ് സംവിധാനത്തിനു വഴങ്ങുന്ന ഫോണ്ടിൽ മലയാളം കൈപ്പെടുത്തുണ്ടെങ്കിലേ മതിയാകൂ. മലയാളം കീബോർഡ് വഴങ്ങാത്തവർക്ക് ഇംഗ്ലീഷ് കീബോർഡിലൂടെ മലയാളം കൈപ്പെടുത്തുന്നത്. മലയാളം ബ്ലോഗുകർ ഏറ്റവും അധികം ഉപയോഗിക്കുന്നത് വരമൊഴിയാണ്.

Kari എന്ന് ഇംഗ്ലീഷിൽ കൈപ്പെടുത്തുമ്പോരം 'കരി' എന്നു മലയാളത്തിൽ തെളിഞ്ഞുകൊള്ളും. kariഎന്നാരം യാൽ 'കരി' യാവും. kaari എന്നോ kAriഎന്നോ എഴുതിയാൽ 'കാരി' എന്നു തെളിയും.. kaaRi അല്ലെങ്കിൽ kARi എന്നായാൽ 'കാറി'എന്നും. രചന, മാധുരി, അഞ്ജലി, കാർത്തിക, നിള, തൂലിക എന്നീ ഫോണ്ടുകളും യൂണികോഡിനു വഴങ്ങും.

ഇൻറർനെറ്റ് ഒരുക്കുന്ന അതിത സൈബർലോകത്ത് നമുക്കോരോരുത്തർക്കും ഓരോ ഡയറി നീക്കി വെച്ചിരിക്കുന്നതാണ് ബ്ലോഗ് എന്നു പറയുന്നത്. ഈ ഡയറിയിൽ നമുക്കു സർഗവിഷ്കാരം നടത്താം. സമാനഹൃദയർ നമ്മുടെ ഡയറി സന്ദർശിച്ച് വായിച്ചുകൊള്ളും. അവരുടെ അഭിപ്രായങ്ങരം അറിയിക്കും. പ്രോത്സാഹിപ്പിക്കും. കുറ്റവും കുറവുകളും തിരുത്തി നിർദേശങ്ങരം തരും.

മലയാളം ബ്ലോഗുകരം പ്രചാരത്തിലായിട്ട് ഏതാനും മാസങ്ങളേ ആയിട്ടുള്ളൂ. അമേരിക്കയിലും ഗൾഫിലുമുള്ള കമ്പ്യൂട്ടർ എഞ്ചിനിയർമാരാണ് മലയാളം ബ്ലോഗിങ്ങിനെ താലോലിച്ചു വളർത്തുന്നത്. ബ്ലോഗിങ്ങിൻറെ ലോകം ഇംഗ്ലീഷിൽ ബ്ലോഗോസ്ഫിയർ എന്നാണറിയപ്പെടുന്നത്. മലയാളത്തിലാകട്ടെ ഇത് 'ബുലോഗ'മാണ്. അവിടെ 'ബ്ലോഗുസുന'വരെ 'ബ്ലോഗ്'യാരെന്നും 'ബ്ലോഗിനി'കളെന്നും വിളിക്കുന്നു. അങ്ങനെയിൽ താഴെ ബ്ലോഗർമാരേ ഉള്ളുവെങ്കിലും വിഷയ വൈവിധ്യം കൊണ്ടും സ്നേഹസൗഹൃദങ്ങരം കൊണ്ടും അതിസമ്പന്നമാണ് 'ബുലോഗം'.

കമ്പ്യൂട്ടർ എഞ്ചിനിയർമാർ, ആർട്ടിസ്റ്റുകരം, ഗവേഷണ വിദ്യാർഥികരം, ടീണേഴ്സ്സുകരം, അധ്യാപകർ, വിദ്യാർഥികരം, വീട്ടമ്മമാർ, കർഷകർ എന്നിങ്ങനെ 'ബുലോഗ'ത്തെ പ്രജാവൈവിധ്യവും ശ്രദ്ധേയം തന്നെ. ആഗസ്റ്റ് ആദ്യവാരത്തിലെ നിരീക്ഷണമനുസരിച്ച് നിത്യേന നാലഞ്ചുപേരെങ്കിലും ബുലോഗത്ത് ഹരിശ്രീ കുറിക്കുന്നു.

'വക്കാരിഷാട്ട' എന്ന പേരിൽ മലയാളത്തിൽ ബ്ലോഗുന്നത് ജപ്പാനിലുള്ള ഒരു ഗവേഷണ വിദ്യാർഥിയാണ്. തന്നെക്കുറിച്ച് കൂടുതൽ വിവരങ്ങരം 'വക്കാരി' വെളിപ്പെടുത്തുന്നില്ല. "ജപ്പാനിലെത്തി കുറെക്കാലത്തേക്ക് ഒന്നും മനസ്സിലാകുന്നുണ്ടായിരുന്നില്ല. കുറെ കഴിഞ്ഞപ്പോരം കുറേശ്ശെ മനസ്സിലായിത്തുടങ്ങി... വക്കാരിഷാട്ട" ജാപ്നീസ് ഭാഷയിൽ വക്കാരിഷാട്ട എന്നു പറഞ്ഞതാൽ 'മനസ്സിലായി' എന്നർഥം. ബുലോഗത്തെ സജീവ സാന്നിധ്യങ്ങളിലൊന്നാണ് വക്കാരിയുടേത്. സ്വന്തം ബ്ലോഗിൽ എഴുതുന്നതിനേക്കാരം കമൻറുകളെഴുതുന്നതാണ് ഏറെ പ്രിയം. അതുകൊണ്ട് ബുലോഗത്തെവിടെയുമുണ്ട് വക്കാരിയുടെ സാന്നിധ്യം.

പത്തനംതിട്ടയിലെ ഇലന്തൂരിൽനിന്ന് അമേരിക്കയിലെ ഒറിഗോണിലെത്തി ജോലിചെയ്യുന്ന കമ്പ്യൂട്ടർ എഞ്ചിനിയർ ഉമേഷ് പി. നായർക്ക് ബുലോഗത്ത് ഒരു ആചാര്യൻറെ സ്ഥാനമാണുള്ളത്. ഭാരതത്തിൻറെ ശാസ്ത്ര പൈതൃകത്തെപ്പറ്റി അഭിമാനിക്കുന്ന ഉമേഷ് അതുമായി ബന്ധപ്പെട്ട നിരവധി കാര്യങ്ങരം ഗുരുകുലം എന്ന ബ്ലോഗിൽ പ്രസിദ്ധീകരിക്കുന്നു. ഭാരതീയ ഗണിതം, ജ്യോതിശ്ശാസ്ത്രം, മതദ്വൈതസ്തുതി തുടങ്ങി പലതും. അതിവിപുലമായ ഒരു അക്ഷരശ്ലോകസമാഹാരവുമുണ്ട് ഗുരുകുലത്തിൽ. സുഭാഷിതത്തിൽ സംസ്കൃത, മലയാള ശ്ലോകങ്ങരം അർഥം വിശദീകരിച്ച് പ്രസിദ്ധീകരിക്കുന്നു. കാളിദാസൻറെ തുംപുകളെയുള്ള ശ്ലോകങ്ങരംക്ക് നാലും അഞ്ചും പരിഭാഷകളാണ് കമൻറുകളായി എത്തുന്നത്. റഷ്യൻനിന്നും ഇംഗ്ലീഷിൽനിന്നുമുള്ള കവിതാവിവർത്തനങ്ങളുമുണ്ട് ഉമേഷിൻറെ ബ്ലോഗിൽ.

'ദേവരാഗം' എന്ന പേരിൽ ബ്ലോഗുചെയ്യുന്ന ദേവാനന്ദ് പിള്ള കുണ്ടറ സ്വദേശിയാണ്. 'ആയുരാരോഗ്യം' എന്ന ബ്ലോഗിൽ വൈദ്യശാസ്ത്ര സംബന്ധമായലേഖനങ്ങരം അദ്ദേഹം പ്രസിദ്ധീകരിക്കുന്നു. 'തണുപ്പൻ' എന്ന ബ്ലോഗർ റഷ്യയിൽനിന്നാണ് ബുലോഗത്തെത്തുന്നത്. പാലക്കാട്ടുനിന്ന് പുറണെയിലെത്തി ജോലി ചെയ്യുന്ന ഷിജു അലക്സിൻറെ 'അനന്തം അജ്ഞാതം അവർണനീയം' എന്ന ബ്ലോഗിൽ അതിസങ്കീർണമായ ജ്യോതിശ്ശാസ്ത്ര വിവരങ്ങരം വളരെ ലളിതമായി ചിത്രങ്ങളുടെയും ഗ്രാഫിക്കുകളുടെയും സഹായത്തോടെ വിവരിക്കുന്നു.

നെയ്യാറ്റിൻകരയിലെ കർഷകനായ ചന്ദ്രശേഖരൻ ബുലോഗത്തെ മുതിർന്ന അംഗങ്ങളിലൊരാളാണ്. റബ്ബറും തെങ്ങും ഉംപെടെ കേരളത്തിലെ കാർഷിക മേഖലയെക്കുറിച്ചുള്ള നിരവധി വിവരങ്ങരം ഇവിടെയുണ്ട്.

പങ്ങങ്ങരംക്കു തെറ്റുമ്പോരം എന്ന ബ്ലോഗിൽ മലയാളത്തിലെ വിവിധ പത്രങ്ങളിൽ വരുന്ന വാർത്തകളെ ഭരണിശമായി വിശകലനം ചെയ്യുന്നു. ഉമേഷ്, മങ്ങിത്ത്, കുട്ടേട്ടത്തി, ഏവൂരാൻ, കുറുമാൻ, വക്കാരിഷോ എന്നിവരാണ് ഈ ബ്ലോഗിലെ മുഖ്യ സഹകാരികരം. 'കറിവേപ്പില' എന്ന പേരിൽ രുചികരമായ പാചകക്കുറിപ്പുകരം എഴുതി ചിത്രം സഹിതം പ്രസിദ്ധീകരിക്കുന്നത് കണ്ണൂരിലെ ഒരു വീട്ടമ്മ. ബാംഗ്ലൂരിൽ അധ്യാപികയായ ജ്യോതിർമയിയുടെ 'ജ്യോതിർഗമ' എന്ന ബ്ലോഗിൽ സംസ്കൃത ശ്ലോകങ്ങളും കവിതകളുമാണ് ഏറെ. ഡൽഹിയിൽ നിന്നു ബ്ലോഗ് ചെയ്യുന്ന പാർവതിയുടെ 'മഴവില്ലും മയിൽപ്പീലിയും.' എന്ന ബ്ലോഗിൽ നിറയെ കഥകളും കവിതകളുമാണ്.

പത്രപ്രവർത്തകനായ എൻ.പി.രാജേന്ദ്രൻറെ ബ്ലോഗിൽ കേരളത്തിലെ സാമൂഹിക രാഷ്ട്രീയ സാഹചര്യങ്ങളോടുള്ള പ്രതികരണങ്ങരം വായിക്കാം.

കലേഷ്കുമാറിൻറെ 'സാപ്പോരിക്ക' എന്ന ബ്ലോഗിൽ മലയാളത്തിലെ പത്രമാധ്യമങ്ങളിൽനിന്നുള്ള പ്രമുഖ ലേഖനങ്ങളും കുറിപ്പുകളും മറ്റും ഉദ്ധരിക്കുന്നു. ബൂലോഗത്തെ സൂപ്പർഹിറ്റുകരം വിശാലമനസ്സിൻറെയും അരവിന്ദൻറെയും പോസ്റ്റുകളാണ്. തൃശ്ശൂർ കൊടകരയിൽനിന്ന് ദുബായിലെത്തി ജോലിചെയ്യുന്ന സജീവ് എടത്താടനാണ് വിശാലമനസ്സൻ എന്ന പേരിൽ പോസ്റ്റുകരം പ്രസിദ്ധീകരിക്കുന്നത്. പത്തനംതിട്ടയിലെ വെണ്ണിക്കുളത്തുനിന്ന് ഗറംഫിലെത്തി ജോലിചെയ്യുന്ന അരവിന്ദൻ. സ്വന്തം ഗ്രാമത്തിൽനിന്നും ജീവിതത്തിൽനിന്നുമുള്ള അതീവ രസകരമായ ചെറുസംഭവങ്ങളാണ് അത്യാകർഷകമായ ഭാഷയിൽ തികഞ്ഞ ആഖ്യാനപാടവത്തോടെ ഇവർ അവതരിപ്പിക്കുന്നത്. പലപ്പോഴും ഇവരുടെ പ്രയോഗങ്ങളും നർമരാവനകളും വി.കെ.എൻ. സാഹിത്യത്തോടു കിടപിടിക്കുന്നു. വിശാല മനസ്സൻറെ ബ്ലോഗിൽ ഏറ്റവും ചുവടെ കാണുന്നതിങ്ങനെ: ''എടത്താടൻ മുത്തപ്പൻ ഈ ബ്ലോഗിൻറെ നാഥൻ!''

വിശാലമനസ്സൻറെ 'കൊടകര പുരാണം,' ബുലോഗത്തിനു പുറത്തും ഇൻറർനെറ്റിൽ ഏറെ പ്രചാരം നേടിയിട്ടുണ്ട്. ബുലോഗ ഗ്രന്ഥശാലയിൽ ഇരുപാടം നോവലുകരം പുസ്തകങ്ങളുണ്ട്. പെരിങ്ങോടൻ എന്ന പേരിൽ ബ്ലോഗെഴുതുന്ന നീട്ടിയത്തു രാജ് നായരുടെ 'പെരിങ്ങോടൻറെ കഥകളും' 'കൊടകര പുരാണവും'. ബ്ലോഗിൽ പ്രസിദ്ധീകരിച്ച പോസ്റ്റുകളുടെ സമാഹാരമാണ് ഇതു രണ്ടും.

ഇൻറർനെറ്റിൻറെ അതിവിശാല പ്രപഞ്ചത്തിൽ അവിടവിടെ പരിതാപിക്കിക്കുന്ന മലയാളം ബ്ലോഗുകളെ തപ്പിയെടുത്ത് ഒരു കുടക്കീഴിൽ അണിനിരത്തുന്നതിനുള്ള ശ്രമങ്ങളാണ് കേരള ബ്ലോഗ് റോറം, തനി മലയാളം. ബൂലോഗചുരുരം തുടങ്ങിയവ. അമേരിക്കയിലുള്ള ഏവൂരാൻ, ശനിയൻ എന്നീ ബ്ലോഗർമാർ, ഗറംഫിലെ അനിലൻ തുടങ്ങിയവരാണ് ഇത്തരം ഏകീകരണത്തിനു വേണ്ട സാങ്കേതിക പ്രവൃത്തികരം ചെയ്യുന്നത്. ഗറംഫിൽ ജോലിചെയ്യുന്ന തൃശ്ശൂർ സ്വദേശി വിശ്വപ്രഭ, കൊച്ചിയിലെ അത്രപ്പു തുടങ്ങിയവരും ബൂലോഗ കൂട്ടായ്മയും വളർച്ചയ്ക്കും വേണ്ടി കാര്യമായി പ്രവർത്തിക്കുന്നു.

ഇൻറർനെറ്റിൽ മലയാളം എഴുതാം എന്ന താത്പര്യമാണ് മിക്ക ബ്ലോഗർമാരെയും ഇവിടേക്ക് ആകർഷിച്ചത്. ചിക്കാഗോയിൽനിന്നു ബ്ലോഗെഴുതുന്ന 'സൈമിറ്റുയുടെ മണ്ണ്'യും ഡാഡിയും ഉംപെടെയുള്ള മികവുറ്റവരുടെയും പ്രചോദനം മലയാളത്തോടുള്ള സ്നേഹത്തന്നേ. മലയാളം മരിച്ചു. മരിക്കും എന്നൊക്കെയുള്ള വിലാപങ്ങരംക്കു പുട്ടു മറുപടിയാണ് ലോകമെമ്പാടുമുള്ള മലയാളികരം, പ്രത്യേകിച്ച് യുവാക്കരം നമ്മുടെ ലിപിയോടും ഭാഷയോടും പ്രകടിപ്പിക്കുന്ന സ്നേഹം. മൈക്രോസോഫ്റ്റും മോട്ടോറോളയുമൊക്കെപ്പോലുള്ള വൻസ്ഥാ